ഹദീസ്

അമീൻ വി. ചൂനൂർ

# ദിക്റിന്റെ ചിറകിൽ മുന്നേറിയവർ

عَنْ أَبِي هُرَيْرَة رَضِي الله عَنه قَالَ: قَالَ رَسُول الله صَلّى الله عَلَيْه وَسَلّم: "سَبق المُفَرِدُون" قَالُوا: وَمَا المُفَردُونَ يَا رَسُول الله؟ قَالَ: "الذاكِرُون الله كَثِيرًا والذاكِرَات" (رواه مسلم). وَروِي : (المُفَردُونَ) بِتَشدِيد الراء وَتَخفِيفِها والمشْهُور الذي قَاله الجمْهُور : التشديد.

**അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: 'മുഫർരിദൂൻ' മുന്നേറി ! അവർ ചോദിച്ചു: 'ആരാണ് 'മുഫർരിദൂൻ'?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവെ കുറിച്ചുള്ള ഓർമകളിൽ ധാരാളമായി മുഴുകിക്കൊണ്ടിരിക്കുന്ന പുരുഷന്മാരും സ്ത്രീകളും.'**

ദിക്റും അതിനനുബന്ധമായി ലഭിക്കുന്ന ഗുണങ്ങളുമാണ് ഒരു മനുഷ്യന്റെ ഇഹലോക ജീവിതമെന്ന് പറയുന്നത്. പൗലൊ കൊയ്‌ലോ സൂചിപ്പിച്ചതുപോലെ 'എല്ലാവരുടെയും ഉള്ളിൽ ഒരു സഹീർ ഉണ്ട്'. എത്ര മറകൾ ഉപയോഗിച്ചാലും ഒളിപ്പിച്ചു വെക്കാൻ കഴിയാത്ത തരത്തിൽ ഒന്നിനോട് അനുഭവപ്പെടുന്ന സ്നേഹം, പ്രണയം, ചിന്ത ഇതെല്ലാമാണ് സഹീർ. യാത്ര, ഫുട്ബോൾ, ഇണകൾ അങ്ങനെ പലരുടെയും സഹീറുകൾ പലതായിരിക്കും..

'മുഫർരിദൂൻ' എന്ന് പറയുമ്പോൾ തന്നെ നമ്മുടെ 'സഹീർ' അല്ലാഹുവായിരിക്കണം. മറ്റൊരു ചിന്തയും ഇല്ലാത്ത വിധത്തിൽ, മനസ്സിന്റെ ഉള്ളിൽ അല്ലാഹു നിറയണം. തോന്നുമ്പോൾ നാല് ദിക്ർ ചൊല്ലി അവസാനിച്ചാൽ മുഫർരിദൂൻ ആകില്ല. സുഹൃത്തുക്കളോട് സംസാരിക്കുമ്പോഴും രംഗം കൊഴുപ്പിക്കുന്ന സദസ്സിൽ ഇരിക്കുമ്പോഴും മനസ്സിൽ അല്ലാഹു ഉണ്ടാകണം.

ധാരാളിത്തം അനുവദിക്കപ്പെട്ടിട്ടുള്ള കാര്യമാണ് ദിക്ർ. 'കസീർ' എന്ന വാക്ക് വെച്ച് നമ്മൾ ഹദീസുകൾ പരതിയാൽ, നമുക്ക് കാണാൻ കഴിയുക

الْحَمْدُ لِلَّهِ حَمْدًا كَثِيرًا ، اسْتِغْفَارًا كَثِيرًا ، الذَّاكِرُونَ الله كثيرا ، وَذكُرُوا اللَّهَ كَثِيرًا

തുടങ്ങിയ ദിക്റിന്റെ ആധിക്യത്തെ പ്രോത്സാഹിപ്പിച്ചിട്ടുള്ള പ്രവാചക വചനങ്ങളാണ്. നിന്നും ഇരുന്നും കിടന്നും അല്ലാഹുവെ സ്മരിക്കുന്നവർ എന്ന് അല്ലാഹു എടുത്തുപറഞ്ഞിട്ടുള്ള കർമം മറ്റെന്താണുള്ളത്? പ്രത്യേകമായ ഒരു പരിധിയും നിശ്ചയിച്ചിട്ടുള്ളതായി കാണാൻ കഴിയില്ല. 'വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ അധികമധികം സ്മരിക്കുക. പ്രഭാതത്തിലും, പ്രദോഷത്തിലും അവനെ വാഴ്ത്തുകയും ചെയ്യുക' (*അൽഅഹ്സാബ്* 41).

അമിതമായ ആസ്വാദനങ്ങളും ആർഭാടങ്ങളും മനസ്സിൽ ദിക്റിന്റെ സാന്നിധ്യത്തെ ഇല്ലാതാക്കിയിട്ടുണ്ട്. ചുണ്ടുകളിൽ നിന്ന് പിഴുതെറിഞ്ഞിട്ടുണ്ട്. മനസ്സിനെ അല്ലാഹുവിന്റെ സ്മരണയിൽ നിന്ന് മാറ്റിനിർത്തുന്ന നിരവധി കാര്യങ്ങളിൽ വ്യാപൃതരാണ് നമ്മൾ. നമ്മുടെ സഹീർ, യന്ത്രങ്ങളായി മാറിയിട്ടുണ്ടോ? മൊബൈൽ ഫോൺ അൽപ സമയം കാണാതായാൽ കാണുന്ന വെപ്രാളവും ധൃതിപിടിച്ച തെരച്ചിലും തെളിയിക്കുന്നത് പലരുടെയും സഹീർ യന്ത്രങ്ങളിലേക്ക് ഷിഫ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട് എന്നാണ്.

നമ്മുടെ മുഴുശ്രദ്ധയും അല്ലാഹുവായിത്തീരുന്നതിന് എന്തൊക്കെ മറകളാണ് (മഹ്ജൂബ്) പ്രധാനമായും ഉള്ളതെന്ന് സ്വയം വിലയിരുത്തേണ്ടി വരും. അത്തരം മറകൾ നീക്കം ചെയ്യണം. ഇല്ലെങ്കിൽ അവ നമ്മുടെ മനസ്സിനെ ഒരിക്കലും നീക്കം ചെയ്യാനാകാത്ത തരത്തിലുള്ള മറകളുടെ മറകളിലേക്ക് എത്തിക്കും. ഹൃദയം സീൽ ചെയ്യപ്പെടുന്നതും മുദ്ര വെക്കപ്പെടുന്നതും ഇത്തരത്തിലാണ്.

ഇബ്നു ഉമർ (റ) റിപ്പോർട്ട് ചെയ്തു: 'അല്ലാഹുവിനെ ഓർക്കാതെ ധാരാളമായി സംസാരങ്ങളിൽ മുഴുകരുത്. അല്ലാഹുവിനെ ഓർക്കാതെയുള്ള അധികരിച്ച സംസാരം ഹൃദയത്തെ കഠിനമാക്കും. തീർച്ചയായും അല്ലാഹുവിൽ നിന്ന് ഏറ്റവും ദൂരത്തുള്ള ആളുകൾ പരുഷമായ മനസ്സുള്ള ആളുകളാണ്.'

അല്ലാഹുവുമായുള്ള ബന്ധത്തിന് തടസ്സം സൃഷ്ടിക്കുന്ന കാര്യങ്ങളെ പൂർണമായും ഒഴിവാക്കാൻ സഹാബിമാർ ശ്രമിച്ചിരുന്നു. അതിനാലവർ തങ്ങളുടെ സമ്പത്ത് ദാനം ചെയ്തു, വലിയ വിലപിടിപ്പുള്ള വസ്ത്രങ്ങളോടും മറ്റ് വസ്തുക്കളോടുമുള്ള ഇഷ്ടം ഒഴിവാക്കി, ഭക്ഷണം വളരെ കുറച്ചു മാത്രമാക്കി. അവരിൽ ദിക്ർ സജീവമായി. അങ്ങനെ അവരിലേക്ക് സകീനത്ത് ഇറക്കപ്പെട്ടു.

എന്താണ് സകീനത്ത്?

''വിശ്വാസികളുടെ ഹൃദയങ്ങളിൽ 'സകീനത്ത്' വർഷിച്ചത് അവനാകുന്നു; അതുവഴി അവർക്കുള്ള വിശ്വാസത്തോടൊപ്പം പിന്നെയും വിശ്വാസം വർധിക്കാൻ. വാന-ഭുവനങ്ങളിലുള്ള സൈന്യങ്ങളൊക്കെയും അല്ലാഹുവിന്റെ ശക്തിക്കു കീഴിലാകുന്നു. അവൻ സർവജ്ഞനും യുക്തിമാനുമല്ലോ.''

ഹുദൈബിയാ സന്ധിക്ക് തൊട്ടു മുമ്പ് വിശ്വാസികൾ പ്രതിസന്ധിയിലായ ഘട്ടത്തിൽ അല്ലാഹു വിശ്വാസികളുടെ ഹൃദയത്തിലേക്ക് ഇറക്കിക്കൊടുത്ത പ്രത്യേകമായ ഒരു അവസ്ഥയാണ് 'സകീനത്ത്.' പ്രതിസന്ധി ഘട്ടത്തിൽ മനുഷ്യ ഹൃദയങ്ങളെ ഉറപ്പിച്ചു നിർത്താൻ അതിനു കഴിയും. ദിക്റിന്റെ സാന്നിധ്യമില്ലാത്ത ഹൃദയങ്ങളിലേക്ക് 'സകീനത്ത്' ഇറക്കപ്പെടാൻ സാധ്യതയില്ല. ഏതു തരം ഹൃദയത്തിലേക്കാണ് അല്ലാഹു സകീനത്ത് ഇറക്കിക്കൊടുക്കുക എന്ന് ഹദീസിൽ സൂചിപ്പിച്ചിട്ടുണ്ട്.

റസൂൽ (സ) പറഞ്ഞു: 'അല്ലാഹുവിന്റെ സ്മരണയ്ക്കായി ഒരു കൂട്ടം ആളുകൾ ഒത്തുകൂടുമ്പോൾ, മലക്കുകൾ അവരെ (അവരുടെ ചിറകുകൾ കൊണ്ട്) വലയം ചെയ്യുന്നു, (അല്ലാഹുവിന്റെ) കാരുണ്യം അവരെ വലയം ചെയ്യുന്നു, സക്കീന, അല്ലെങ്കിൽ ശാന്തത അവരിൽ ഇറങ്ങുന്നു. അവന്റെ അടുത്തുള്ളവരുടെ മുമ്പിൽ അവരെക്കുറിച്ച് പറയുകയും ചെയ്യുന്നു' (മുസ്‌ലിം). ●